**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2800**

**10.03.2017-ന് മറുപടിയ്ക്ക്**

# സ്ക്കൂൾ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്ക്കൂൾ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ; | (എ) | സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നില്ല. സംസ്ഥാന സർക്കാരിനുവേണ്ടി കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കിവരുന്നു. |
| (ബി) | പാഠപുസ്തകങ്ങളിൽ കടന്നുകൂടുന്ന തെറ്റുകൾ തിരുത്തുന്നതിന് ഏത് രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്; | (ബി) | പാഠപുസ്തകങ്ങൾ കഴിവതും തെറ്റില്ലാതെയാണ് തയ്യാറാക്കുന്നത്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകളോ, കുറവുകളോ ചൂണ്ടിക്കാണിക്കപ്പെട്ടാൽ അത് ഒരു വിദഗ്ധസമിതി വിലയിരുത്തി ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതാണ്. |
| (സി) | പാഠപുസ്തകങ്ങളിലെ പിശകുകൾ ചൂണ്ടിക്കാട്ടിയാലും ആയത് പരിഹരിക്കുന്നതിന് സംവിധാനമില്ലാത്ത സാഹചര്യം നിലവിലുണ്ടോ; | (സി) | ഇല്ല.<br>തെറ്റ് ചൂണ്ടിക്കാട്ടിയാൽ അത് ഒരു വിദഗ്ദ്ധസമിതി വിലയിരുത്തി ആവശ്യമെങ്കിൽ ഭേദഗതി വരുത്താറുണ്ട്. |
| (ഡി) | സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ ഏതെങ്കിലും തലത്തിലുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) | പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് എസ്.സി.ഇ.ആർ.ടിയാണ്. സ്വകാര്യ പ്രസാധകരുടെ പാഠപുസ്തകങ്ങൾ നിലവിലുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരം പുസ്തകങ്ങളുടെ ഉള്ളടക്കം ഏതെങ്കിലും തരത്തിലുള്ള പരിശോധനയ്ക്ക് ശേഷമാണോ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ